# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2309

08.05.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വരുമാനത്തിലുണ്ടായ ഇടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അനിൽ അക്കര | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| എ) നോട്ട് നിരോധനത്തെ തുടർന്ന്, സംസ്ഥാനത്ത് രജിസ്ട്രേഷൻ വരുമാനത്തിൽ ഇടിവ് ഉണ്ടായിട്ടുണ്ടോയെന്ന വിശദമാക്കുമോ;<br><br>ബി) രജിസ്ട്രേഷൻ വരുമാനത്തിൽ ഉണ്ടായ ഇടിവ്, ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ നികത്തുവാൻ സാധിച്ചിട്ടുണ്ടോ; | എ) 2016-17 സാമ്പത്തിക വർഷം നോട്ടു നിരോധനത്തിന് മുമ്പുള്ള കാലയളവിൽ (2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) പ്രതിമാസം ശരാശരി നികുതി വരുമാനം 220.98 കോടി രൂപയായിരുന്നു. നോട്ടു നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 175.87 കോടി രൂപയായി കുറഞ്ഞു നോട്ടു നിരോധനത്തിന് ശേഷം (2016 നവംബർ മുതൽ 2017 മാർച്ച് വരെ) പ്രതിമാസം ശരാശരി നികുതി വരുമാനം 221.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ആധാര രജിസ്ട്രേഷന് ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയത് 2017 ഫെബ്രുവരി മാസത്തിലാണ് .അതിനു ശേഷം നോട്ട് നിരോധനത്തിൽ ഉണ്ടായ കുറവ് നിലവിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) കറൻസിയായുള്ള പണമിടപാടുകളുടെ പരിധി രണ്ട് ലക്ഷം രൂപയാക്കിക്കൊണ്ടുള്ള കേന്ദ്രതീരുമാനം രജിസ്ട്രേഷൻ വകുപ്പിനെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) കറൻസിയായുള്ള പണമിടപാടുകളുടെ പരിധി രണ്ട് ലക്ഷം രൂപയാക്കികൊണ്ടുള്ള ആദായ നികുതി നിയമത്തിലെ വകുപ്പായ 269 ST സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് നൽകുന്ന പ്രതിഫലം/ അഡ്വാൻസ് എന്നിവയ്ക്ക് ബാധകമല്ല. സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് നൽകുന്ന പ്രതിഫലം/ അഡ്വാൻസ് എന്നിവയ്ക്ക് ബാധകമായിട്ടുള്ളത് ആദായ നികുതി നിയമത്തിലെ 269 SS എന്ന വകുപ്പാണ്. ഈ |

വകുപ്പനുസരിച്ച് സ്ഥാവര വസ്തു കൈമാറ്റം ചെയ്യുമ്പോൾ കൈപ്പറ്റുന്ന പ്രതിഫലമോ അഡ്വാൻസോ 20000 രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ അത് കറൻസിയായി കൈമാറ്റം ചെയ്യുവാൻ പാടില്ല. 269 SS 2015 ജൂൺ 1 മുതൽ പ്രാബല്യത്തിൽ ഉള്ള വകുപ്പാണ്.

**സെക്ഷൻ ഓഫീസർ**